**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3429** 08.11.2019 ൽ മറുപടിയ്ക്ക്

# പഞ്ചായത്തുകളിൽ അംഗൻവാടി കെട്ടിടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **എ.സി.മൊയ്തീൻ**<br>**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** |
| (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനുമായി ചേർന്ന് പഞ്ചായത്തുകളിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ; എങ്ങനെയാണ് പദ്ധതി നടപ്പാക്കുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനവാടികളുടെ നിർമ്മാണം ഏറ്റെടുക്കാൻ സാധിക്കുന്നതാണ്. അംഗനവാടി നിർമ്മാണത്തിനുള്ള ആകെ ചെലവ് തുകയിൽ 5 ലക്ഷം രൂപ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ചെലവാക്കാൻ കഴിയും. ബാക്കി ആവശ്യമായി വരുന്ന തുകയിൽ 2 ലക്ഷം രൂപ മാതൃ-ശിശു വികസന വകുപ്പിൽ നിന്നും ലഭ്യമാകും. ഇതിന് ഉപരിയായി വേണ്ടി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുകയാണ് ചെയ്യുന്നത്. ഈ മാതൃകയിൽ സംസ്ഥാനത്ത് നിലവിൽ അംഗനവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. |
| (ബി) മാതൃ-ശിശു വികസന വകുപ്പിൽ നിന്നും ഇതിനായി പ്രത്യേക സഹായങ്ങൾ ലഭ്യമാകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നുള്ള അംഗനവാടി നിർമ്മാണത്തിന് ഒരു അംഗനവാടിക്ക് 2 ലക്ഷം രൂപ എന്ന നിരക്കിൽ മാതൃ-ശിശു വികസന വകുപ്പ് ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**